നം.വൈ(1)/64653/16/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 07.10.2016

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം :- പൊ.വി. - പ്രൊവിഡൻസ് കോളേജ് സംഘടിപ്പിക്കുന്ന 'Pronova - 2017' മത്സരത്തെ - സംബന്ധിച്ച്.

സൂചന :- 09.09.2016 ലെ പ്രൊവിഡൻസ് കോളേജ് ഡയറക്ടറുടെ കത്ത്.

എൻജിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ സാധ്യതകളിൽ കുട്ടികൾക്ക് അവബോധം നൽകുന്നതിനും പ്രചരണങ്ങൾ നൽകുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തെ 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന താൽപര്യമുള്ള വിദ്യാർത്ഥികൾക്കായി 'Pronova - 2017' എന്ന പേരിൽ പ്രൊവിഡൻസ് കോളേജ് ഓഫ് എൻജിനീയറിംഗ് മൂന്ന് മേഖലകളിലായി ടാലന്റ് സെർച്ച് പ്രോജക്ട് മത്സരം നടത്തുന്നു.

**മത്സരം നടത്തുന്ന മേഖലകൾ**

| | | | | |
|---|---|---|---|---|
| **നോർത്ത് സോൺ** | - | കണ്ണൂർ | - | 05.11.2016 |
| **സെൻട്രൽ സോൺ** | - | കൊച്ചി, ചെങ്ങന്നൂർ | - | 12.11.2016 |
| **സൗത്ത് സോൺ** | - | തിരുവനന്തപുരം | - | 19.11.2016 |

ഓരോ മേഖലകളിൽ നിന്നും 10 പ്രോജക്ടുകൾ വീതം തെരഞ്ഞെടുക്കുന്നതാണ്. തെരഞ്ഞെടുക്കുന്ന പ്രോജക്ടുകളുടെ ഫൈനൽ മത്സരം ചെങ്ങന്നൂർ പ്രൊവിഡൻസ് കോളേജ് ഓഫ് എൻജിനീയറിംഗ് - ൽ വച്ച് 02.01.2017 ന് നടത്തുന്നതാണ്. മത്സര വിജയികൾക്ക് ക്യാഷ് പ്രൈസുകൾ പ്രൊവിഡൻസ് കോളേജ് നൽകുന്നതാണ്. ആയതിനാൽ അധ്യയനത്തിന് തടസ്സം നേരിടാതെയും കുട്ടികളിൽ നിന്നും യാതൊരു വിധത്തിലുള്ള പിരിവുകൾ നടത്തുവാനും പാടില്ല എന്നുള്ള വ്യവസ്ഥയിൽ പ്രസ്തുത മത്സരങ്ങളിൽ സംസ്ഥാനത്തെ പത്താം തരത്തിൽ പഠിക്കുന്ന കുട്ടികൾക്ക് പങ്കെടുക്കുവാൻ അനുമതി നൽകുന്നു. മത്സരത്തിന്റെ മാർഗ്ഗരേഖ ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു. മത്സരത്തിൽ പങ്കെടുക്കുന്നത് സംബന്ധിച്ചുള്ള വിശദവിവരങ്ങൾക്ക് പ്രൊവിഡൻസ് കോളേജ് അധികൃതരുമായി 04792451084 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

വിശ്വസ്തതയോടെ,

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

പകർപ്പ്:-
1) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
2) എല്ലാ സ്കൂൾ പ്രധാനാധ്യാപകർക്കും (വിദ്യാഭ്യാസ ആഫീസർമാർ മുഖേന)
3) ഡയറക്ടർ, പ്രൊവിഡൻസ് കോളേജ് ഓഫ് എൻജിനീയറിംഗ്, അങ്ങാടിക്കൽ, സൗത്ത് ചെങ്ങന്നൂർ- 689122